വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ള):

(എ) സംസ്ഥാനത്ത് പുതിയതായി ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) റെയിൽവേയുടെ 1987–88 വാർഷിക വർക്സ് പ്രോഗ്രാം അനുസരിച്ച് കോസ്റ്റ് ഷെയറിംഗ് പദ്ധതി പ്രകാരം താഴെചേർക്കുന്ന ഓവർബ്രിഡ്ജുകളുടെ പണി ഏറ്റെടുക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേ അധികൃതരോട് 20–5–1986–ൽ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പാലങ്ങളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി റെയിൽവേയുടെ അംഗീകാരം വാങ്ങിക്കേണ്ടതുണ്ട്.

(1) നാഷണൽ ഹൈവേ വിഭാഗത്തിൽ

1. നാഷണൽ ഹൈവേ 17–ൽ കി.മീ. 200–ൽ ചേറോഡ് ഓവർ ബ്രിഡ്ജ്.

2. നാഷണൽ ഹൈവേ 17–ൽ കി.മീ. 9/600–ൽ പട്ടണക്കാട് ഓവർ ബ്രിഡ്ജ്.

(2) ആർ.ആൻറ് ബി. വിഭാഗത്തിൽ

1. മുളങ്കുന്നത്തുകാവ് (തൃശ്ശൂർ) കി.മീ. 23/5–6–ൽ
2. തൃശ്ശൂർ–ഒല്ലൂർ കി.മീ. 35/6–7–ൽ
3. മുള്ളൂർക്കര–വടക്കാഞ്ചേരി കി.മീ. 15/6–7–ൽ
4. വർക്കല റെയിൽവേ സ്റ്റേഷനു സമീപം വർക്കല–കല്ലമ്പലം റോഡിൽ
5. പുതുനഗരം–പാലക്കാട് ടൗൺ കി.മീ. 51/11–12. കണ്ണൂരിൽ തലക്കര റോഡിൽ കി.മീ. 753/6–7–ൽ ഒരു അണ്ടർ ബ്രിഡ്ജും, കുറ്റിപ്പുറത്ത് കി.മീ. 608/4–5–ൽ ഒരു ഓവർബ്രിഡ്ജും, കോഴിക്കോട് ഫ്രാൻസീസ് റോഡിൽ ഒരു ഓവർബ്രിഡ്ജും വള്ളത്തോൾ നഗറിൽ കി.മീ 3/1–2–ൽ ഒരു ഓവർബ്രിഡ്ജും നിർമ്മിക്കുന്നതിന് ഇതിനകം അനുമതി നൽകിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ പാർലമെൻറിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

റെയിൽ റോഡ് ഓവർബ്രിഡ്ജുകളുടെ നിർമ്മാണനിർദ്ദേശങ്ങൾ പരിഗണിച്ച് റെയിൽ–റോഡ് ഗതാഗതത്തേയും ധനലഭ്യതയേയും കണക്കിലെടുത്ത് അതാതു കൊല്ലങ്ങളിൽ അനുമതി നൽകുന്നതാണെന്നും കേന്ദ്രം പാർലമെൻറിൽ വ്യക്തമാക്കിയിട്ടുണ്ട്.

അച്ചടി പൂർത്തിയായിട്ടില്ലാത്ത പാഠപുസ്തകങ്ങൾ

* 41 [41] ശ്രീ. ടി.കെ. ഹംസ:
,, സി.കെ. ചക്രപാണി:
,, പി.സി. തോമസ് (കടുത്തുരുത്തി):
,, എ.കെ. പത്മനാഭൻ:
,, കെ.പി. അരവിന്ദാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തിൽ സ്കൂൾ തലത്തിൽ പഠിപ്പിക്കേണ്ട പല പുസ്തകങ്ങളുടേയും അച്ചടി പൂർത്തിയായിട്ടില്ലെന്ന വിവരം

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പുസ്തകങ്ങളുടെ അച്ചടിയാണ് പൂർത്തിയാക്കാനുള്ളത്;

(ബി) ഇവയുടെ അച്ചടി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം പ്രസ്സുകളിലാണ് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത്;

(ഡി) സംസ്ഥാനത്തിന് പുറത്ത് സ്വകാര്യ പ്രസ്സുകളിൽ പുസ്തകങ്ങൾ അച്ചടിക്കുന്നുണ്ടോ, എങ്കിൽ എവിടെയെല്ലാം?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഉണ്ട്. ഈ അദ്ധ്യയന വർഷത്തിൽ പഠിപ്പിക്കേണ്ട ചുരുക്കം ചില പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടില്ല. ഈ അദ്ധ്യയന വർഷം മുതൽ 2-ാം ക്ലാസ്സിലെ ഭാഷാ പുസ്തകവും 7-ാം ക്ലാസ്സിലെയും 10-ാം ക്ലാസ്സിലെയും ഭാഷേതര വിഷയങ്ങളും പുതുക്കുകയുണ്ടായി. ഇവയിൽ താഴെ പറയുന്ന 7-ാം ക്ലാസ്സിലെ പുതുക്കിയ 3 പുസ്തകങ്ങളുടേയും 2-ാം ക്ലാസ്സിലെ പുതുക്കിയ 2 പുസ്തകങ്ങളുടെയും അച്ചടി പൂർത്തിയായിട്ടില്ല. എങ്കിലും ഇവയുടെ കുറെ പ്രതികൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ബാക്കി പ്രതികളുടെ അച്ചടി ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു.

1.	സാമൂഹ്യശാസ്ത്രം	സ്റ്റാൻഡേർഡ്	7
2.	അടിസ്ഥാനശാസ്ത്രം	,,	7
3.	അടിസ്ഥാന ഗണിതം	,,	7
4.	കേരള പാഠാവലി (2 ഭാഗങ്ങൾ)	,,	2

(ബി) അടുത്ത മാസത്തോടെ എല്ലാ പുസ്തകങ്ങളുടേയും അച്ചടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 1. കേരളാ ബുക്ക്സ് ആൻറ് പബ്ലിക്കേഷൻ സൊസൈറ്റി, തൃക്കാക്കര.

2. ഗവൺമെൻറ് പ്രസ്സ്, കണ്ണൂർ

3. വിക്ടറി പ്രസ്സ് (പ്രൈവറ്റ് ലിമിറ്റഡ്) കുന്നംകുളം.

4. വിദ്യാരംഭം പ്രസ്സ്, ആലപ്പുഴ.

5. കുമാർ പ്രിൻേറഴ്സ്, കൊല്ലം.

(ഡി) നാല്, അഞ്ച് സ്റ്റാൻഡേർഡുകളിലെ തമിഴ് റീഡറിൻെറ പുനരച്ചടി തക്കലയിലുള്ള ബാലൻ പ്രസ്സിലും പത്താം സ്റ്റാൻഡേർഡിലെ തമിഴ് റീഡറിൻെറ പുനരച്ചടി നാഗർകോവിലെ പയനീർ പ്രസ്സിലും ആറാം സ്റ്റാൻഡേർഡിലെ ബേസിക് സയൻസിൻെറ മലയാളം, തമിഴ്, ഇംഗ്ലീഷ്, കന്നട എന്നീ ഭാഷകളിലെ പുനരച്ചടി ശിവകാശിയിലെ കൊറണേഷൻ പ്രസ്സിലും ഒന്നാം സ്റ്റാൻഡേർഡിലെയും ആറാം സ്റ്റാൻഡേർഡിലെയും മൂന്നു പുസ്തകങ്ങളുടെ പുനരച്ചടി മദ്രാസ്സിലെ കുമുദം പ്രസ്സിലും അച്ചടിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly